LIBRARY ARCHIVES Kerala Legislative Assembly

നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച അന്വേഷണം

217 (1184) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള എൻഡോസൾഫാൻ കീടനാശിനി മുതലമടയിലെ മാവിൻതോട്ടങ്ങളിലും ഇടുക്കിയിലെ ഏലത്തോട്ടങ്ങളിലും വ്യാപകമായി ഉപയോഗിച്ചുവരുന്നു എന്ന റിപ്പോർട്ടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ;

(സി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ ;

(ഡി) നിരോധിക്കപ്പെട്ട എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുവരെ നടത്തിയ പരിശോധനകളിലും അന്വേഷണങ്ങളിലും എൻഡോസൾഫാൻ ഉപയോഗിക്കുന്നത് കണ്ടെത്തിയിട്ടില്ല. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് നിയമവിധേയമല്ലാത്ത രീതികളിൽ എൻഡോസൾഫാൻ കൊണ്ടു വരുന്നതായി മാധ്യമ റിപ്പോർട്ടുകളിൽ കാണുന്നു. ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തേണ്ടത് ഇങ്ങനെയുള്ള അനധികൃത കടത്തലുകൾ നിയന്ത്രിക്കേണ്ടതിന് ആവശ്യമാണ്. ഇടുക്കി, പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടറുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

(ഡി) പാലക്കാട് ജില്ലയിൽ നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൃഷി, റവന്യൂ മെഡിക്കൽ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം വിളിച്ചു ചേർക്കുകയും എൻഡോസൾഫാൻ ഉപയോഗിക്കുന്നത് തടയുന്നതിനായി സന്നദ്ധ സംഘടനകളും റവന്യൂ, കൃഷി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തു. കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചു കൊണ്ട് എൻഡോസൾഫാനെതിരെ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ച് ബോധവൽക്കരണത്തിനായി നോട്ടീസ് അടിച്ച് വിതരണം നടത്തുകയും ചെയ്തു. ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കീടനാശിനി ഇൻസ്പെക്ടർമാർ മുതലായവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് റെയ്ഡ് നടത്തി നിരോധിത കീടനാശിനികൾ സൂക്ഷിക്കുകയോ വില്പന നടത്തുകയോ ചെയ്യുന്നത് തടയുന്നതിനായി

പ്രിൻസിപ്പൽ കൃഷി ഓഫീസർ എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ക്വാഡ് രൂപീകരിച്ച് വാഹനങ്ങളും ഡിപ്പോകളും പരിശോധിച്ച് എൻഡോസൾഫാൻ ഉപയോഗിക്കുന്നില്ലെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉറപ്പു വരുത്തുന്നുണ്ട്. ഇടുക്കി ജില്ലയിൽ എൻഡോസൾഫാന്റെ ചെക്ക് പോസ്റ്റുകളിൽ കൂടിയുള്ള വരവ് നിർത്തുന്നതിന് വേണ്ടി ജില്ലാ കളക്ടറുമായി ആലോചിച്ച് ആവശ്യമായ നടപടികൾ എടുത്തു വരുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ 2010 ഡിസംബർ 3 മുതൽ 10 വരെ കീടനാശിനി വിരുദ്ധ വാരമായി ആചരിക്കുകയും നിരോധിച്ച കീടനാശിനികളെക്കുറിച്ചും അമിത കീടനാശിനി പ്രയോഗത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുടെ നിലപാട്

218 (1185) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ എന്ന മാരകകീടനാശിനി ഉപയോഗിക്കുന്ന കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ ;

(ബി) എൻഡോസൾഫാൻ ഉപയോഗം സംബന്ധിച്ച് സംസ്ഥാന കാർഷിക സർവ്വകലാശാല എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എൻഡോസൾഫാൻ ശിപാർശ ചെയ്തുകൊണ്ട് സംസ്ഥാന കാർഷിക സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(എഫ്) എൻഡോസൾഫാന് പകരം ഉപയോഗിക്കാവുന്ന ഏതെങ്കിലും കീടനാശിനികൾ കാർഷിക സർവ്വകലാശാല ശിപാർശ ചെയ്തിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ എന്ന കീടനാശിനി ഉപയോഗിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിരോധന നിലപാടിന് കേരള കാർഷിക സർവ്വകലാശാല പൂർണ്ണമായ പിന്തുണ നൽകുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാല ഇതുസംബന്ധിച്ച് 2001 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെ ഒരു പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രാഥമിക പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly